## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 25. 06. 2012 - ൽ മറുപടിക്ക്

നമ്പർ: 3535

## രാഷ്ട്രീയ നേതാക്കൾക്കെതിരെയുള്ള വിജിലൻസ് കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) എത്ര രാഷ്ട്രീയ നേതാക്കൾക്കെതിരായി ട്ടാണ് ഇപ്പോൾ വിജിലൻസ് കേസുകൾ നിലവിലുള്ളത്; | (എ ) 46 രാഷ്ട്രീയ നേതാക്കൾക്കെതിരെയാണ് ഇപ്പോൾ വിജിലൻസ് കേസുകൾ നിലവിലുള്ളത്. |
| (ബി) അതിൽ നിലവിലുള്ള മന്ത്രിമാരും മുൻമന്ത്രി മാരുമായി എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) നിലവിലുള്ള മന്ത്രിമാരിൽ മൂന്നുപേർക്കെതിരെയും മുൻ മന്ത്രിമാരിൽ രണ്ടുപേർക്കെതിരെയുമാണ് വിജിലൻസ് കേസുകൾ നിലവിലുള്ളത്. |
| (സി) മുൻമന്ത്രിമാരുടെ കേസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കാമോ; അതിൽ എത്ര പേരുടെ പേരിലാണ് ഇപ്പോൾ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി)ആലപ്പുഴ ജില്ലയിലെ വിമുക്ത ഭടനും, മുൻ മുഖ്യമന്ത്രിയുടെ ബന്ധുവുമായ ശ്രീ. റ്റി.കെ. സോമന് കാസർഗോഡ് ജില്ലയിൽ ഷേർണി വില്ലേജിൽ അനധികൃതമായി സ്ഥലം അനുവദിച്ചതും കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട് മുൻ മുഖ്യ മന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും മുൻ റവന്യൂ വകുപ്പു മന്ത്രി ശ്രീ. കെ.പി. രാജേന്ദ്രനുമെതിരായ വിജിലൻസ് കേസ് (വി.സി. 01/2012 /കെ.എസ്.ഡി) രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ആഫീസർ